പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2767 — 10/03/2017-ൽ മറുപടിക്ക്

**ശ്രീ. ബിബിൻ ബാബുവിന്റെ നിയമനാനുമതിയ്ക്കുള്ള അപേക്ഷ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | തിരുവനന്തപുരം നാലാഞ്ചിറ സെന്റ് ജോൺസ് മോഡൽ എച്ച്.എസ്. എസ്. -ൽ കായിക അദ്ധ്യാപകനായി നിയമിതനായ ശ്രീ. ബിബിൻ ബാബു വിന്റെ നിയമനാനുമതിയ്ക്കുള്ള അപേക്ഷ തിരുവനന്തപുരം ഡിസ്ട്രിക്ട് എഡ്യൂക്കേ ഷൻ ഓഫീസിൽ ലഭിച്ചത് എന്നാണ്; | എ) | 10/06/15 |
| ബി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ ഡി.ഇ.ഒ. നിയമനാനുമതി നൽകിയ തീയതി വ്യക്തമാക്കാമോ ; | ബി) | 16/12/16 |
| സി) | ഡി.ഇ.ഒ.യുടെ നിയമനാനുമതിയെ തുടർന്ന് നിയമനാനുമതി പത്രിക പുറപ്പെടുവിച്ച തീയതി എന്നാണ് ; | സി) | 03/01/17 |
| ഡി) | ശ്രീ. ബിബിൻ ബാബുവിന് നിയമനാ നുമതി ലഭിച്ചിട്ടും ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ അസാധാ രണമായ കാലതാമസം നേരിട്ടുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസത്തിന്റെ കാരണം വ്യക്ത മാക്കുമോ ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഇ) | നിയമനാനുമതി പത്രിക പുറപ്പെടുവിച്ച് രണ്ട് മാസം പൂർത്തിയായിട്ടും ടിയാന് അർഹമായ ശമ്പളവും മറ്റ് ആനു കൂല്യങ്ങളും നാളിതുവരെയായി ലഭി ച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഇതിന്റെ കാരണം വ്യക്തമാക്കുമോ ; | ഇ) | ശ്രീ. ബിബിൻ ബാബുവിന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| എഫ്) | ഈ വിഷയം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേര് വിവരം ലഭ്യമാക്കുമോ പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ അവരുടെ സർവ്വീസിൽ വകുപ്പ്തല അച്ചടക്കനടപടികൾ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടിയും അതിന്റെ കാരണവും വ്യക്തമാക്കുമോ ; | എഫ്) | ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്ത തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br>1. ശ്രീ. സജീവ് കുമാർ ആർ. (ക്ലാർക്ക്)<br>2. ശ്രീ. ഐ. കൃപാകരൻ (ജൂനിയർ സൂപ്രണ്ട്)<br>3. ശ്രീ. സി.വി.രാജൻ (പേഴ്സണൽ അസിസ്റ്റന്റ്)<br>4. ശ്രീമതി. ലളിതകുമാരി (ജില്ലാ വിദ്യാഭ്യാസ ഓഫീസർ)<br>ടി ജീവനക്കാരിൽ ശ്രീ.ആർ. സജീവ് കുമാറിനെതിരെ അബ്കാരി ചട്ടം 15(സി) പ്രകാരമുള്ള കേസിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച അച്ചടക്കനടപടി തീർപ്പാക്കിയിട്ടുണ്ട്. |
| ജി) | ഈ വിഷയം സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കുമോ ? | ജി) | ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**